***എൻ.എം.ബി(1)/88263/17/ഡി.പി.ഐ*** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യലയം,
തിരുവനന്തപുരം., തീയതി, 15/12/2017

**<u>സർക്കുലർ</u>**

വിഷയം :- പൊതുവിദ്യാഭ്യാസം – വിഫ്സ് പദ്ധതി - പ്രതിവാര അയൺ ഫോളിക്ക് ആസിഡ് പോഷണ പദ്ധതി - സംബന്ധിച്ച്

സൂചന :- 04/12/2017 ലെ നാഷണൽ ഹെൽത്ത് മിഷൻ നോഡൽ ആഫീസറുടെ കത്ത്

*****

സംസ്ഥാനത്തെ 6 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി നടപ്പാക്കിയിരിക്കുന്ന വിഫ്സ് പദ്ധതിയുടെ ഭാഗമായ അയൺ ഫോളിക്ക് ആസിഡ് ഗുളികകളുടെ വിതരണം സംബന്ധിച്ച് റിപ്പോർട്ടുകളിൽ നിന്നും സൂചന പ്രകാരം ലഭിച്ച കത്തിൽ നിന്നും സ്കൂൾ തലത്തിൽ ഈ വിഷയത്തിൽ വേണ്ട്ര ജാഗ്രത പുലർത്തുന്നതായി കാണുന്നില്ല. ആയതിനാൽ ടി പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

സംസ്ഥാനത്തെ 6 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളിൽ പഠിക്കാനുള്ള കഴിവ്, ബുദ്ധിശക്തി, ഓർമ്മശക്തി, കാഴ്ച ശക്തി, രോഗ പ്രതിരോധശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനാണ് അയൺ ഫോളിക്ക് ആസിഡ് (ഐ.എഫ്.എ) ഗുളികകൾ നൽകുന്നത്. അയൺ ഫോളിക്ക് ആസിഡ് ഗുളികകളുടെ വിതരണം സംബന്ധിച്ച് റിപ്പോർട്ടുകൾ താഴെപ്പറയും പ്രകാരം തയ്യാറാക്കേണ്ടതാണ്.

1) 6 മുതൽ 10 വരെയുള്ള ക്ലാസ് തിരിച്ചുള്ള ഒരു മാസത്തെ കണക്കുകൾ 5-ാം തീയതിക്കു മുമ്പായി സ്കൂൾ ഹെഡ്മാസ്റ്റർമാർ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നൽകേണ്ടതാണ്.
2) ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ക്രോഡീകരിച്ച കണക്കുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ ആഫീസിൽ 10-ാം തീയതിയ്ക്കു മുമ്പ് നൽകേണ്ടതു്.
3) വിദ്യാഭ്യാസ ഉപഡയറക്ടർ കണക്കുകൾ പരിശോധിച്ച് ക്രോഡീകരിച്ച് 15-ാം തീയതിക്കു മുമ്പായി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ നൂൺമീൽ വിഭാഗത്തതിൽ നൽകേണ്ടതാണ്.

നൂൺഫീഡിംഗ് ആഫീസർമാരും, നൂൺമീൽ ആഫീസർമാരും സ്കൂളുകൾ സന്ദർശിക്കുമ്പോൾ കൃത്യവും സമയബന്ധിതവുമായി അയൺ ഫോളിക്ക് ഗുളികകളുടെ വിതരണം നടപ്പാക്കുന്നുണ്ടെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട പ്രൊഫോർമകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു്. **ഏതെങ്കിലും സ്കൂളുകളിൽ അയൺ ഫോളിക്ക് ഗുളികകൾ ലഭിക്കുന്നില്ലെങ്കിൽ ഈ വിവരം യഥാസമയം ബന്ധപ്പെട്ട പ്രൈമറി ഹെൽത്ത് സെന്ററിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.**

ഈ വിഷയം സംബന്ധിച്ച പരാതികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ നൂൺമീൽ വിഭാഗത്തിലെ 0471-2580548 എന്ന ഫോൺ നമ്പരിൽ അറിയിക്കാവുന്നതാണ്. വിവരങ്ങൾ നൽകിയിട്ടുള്ള പ്രൊഫോർമയിൽ തന്നെ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും സമയ പരിധി കർശനമായി പാലിക്കേണ്ടതുമാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺ മീൽ)**

**പകർപ്പ് :-**

1) ***എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും***
2) ***എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും***
3) ***എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും***
4) ***എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ല/ഉപജില്ല വിദ്യാഭ്യാസ ആഫീസർമാർ മുഖേന)***



# പ്രൊഫോർമ

## <u>അയൺ ഫോളിക്ക് ആസിഡ് ഗുളികകളുടെ പ്രതിമാസ റിപ്പോർട്ട് - സ്കൂളുകൾ</u>

1) സ്കൂളിന്റെ പേര് :

2) 6 മുതൽ 10 വരെ ക്ലാസ്സുകളിലെ
ആകെ കുട്ടികൾ :

3) തന്മാസം 3 ആഴ്ചയെങ്കിലും ഗുളിക
കഴിച്ച ആൺകുട്ടികളുടെ എണ്ണം :

4) തന്മാസം 3 ആഴ്ചയെങ്കിലും ഗുളിക
കഴിച്ച പെൺകുട്ടികളുടെ എണ്ണം :

5) തന്മാസം 3 ആഴ്ചയെങ്കിലും ഗുളിക
കഴിച്ച ആകെ കുട്ടികളുടെ എണ്ണം :

6) തന്മാസാരംഭത്തിൽ സ്റ്റോക്ക് ഉായിരുന്ന
അയൺ ഫോളിക്ക് ഗുളികകളുടെ എണ്ണം :

7) തന്മാസം ലഭിച്ച ഗുളികകളുടെ എണ്ണം :

8) തന്മാസം ഉപയോഗിച്ച ഗുളികകളുടെ എണ്ണം :

9) തന്മാസം ബാക്കിയുള്ള ഗുളികകളുടെ എണ്ണം :

# പ്രൊഫോർമ

## അയൺ ഫോളിക്ക് ആസിഡ് ഗുളികകളുടെ പ്രതിമാസ റിപ്പോർട്ട്

1) ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പേര് :

2) 6 മുതൽ 10 വരെ ക്ലാസ്സുകളിലെ
ആകെ കുട്ടികൾ :

3) തന്മാസം 3 ആഴ്ചയെങ്കിലും ഗുളിക
കഴിച്ച ആൺകുട്ടികളുടെ എണ്ണം :

4) തന്മാസം 3 ആഴ്ചയെങ്കിലും ഗുളിക
കഴിച്ച പെൺകുട്ടികളുടെ എണ്ണം :

5) തന്മാസം 3 ആഴ്ചയെങ്കിലും ഗുളിക
കഴിച്ച ആകെ കുട്ടികളുടെ എണ്ണം :

6) തന്മാസാരംഭത്തിൽ സ്റ്റോക്ക് ഉായിരുന്ന
അയൺ ഫോളിക്ക് ഗുളികകളുടെ എണ്ണം :

7) തന്മാസം ലഭിച്ച ഗുളികകളുടെ എണ്ണം :

8) തന്മാസം ഉപയോഗിച്ച ഗുളികകളുടെ എണ്ണം :

9) തന്മാസം ബാക്കിയുള്ള ഗുളികകളുടെ എണ്ണം :

# പ്രൊഫോർമ

## <u>അയൺ ഫോളിക്ക് ആസിഡ് ഗുളികകളുടെ പ്രതിമാസ റിപ്പോർട്ട്</u>

1) വിദ്യാഭ്യാസ ഉപഡയറക്ടറാഫീസിന്റെ പേര് :

2) 6 മുതൽ 10 വരെ ക്ലാസ്സുകളിലെ ആകെ കുട്ടികൾ :

3) തന്മാസം 3 ആഴ്ചയെങ്കിലും ഗുളിക കഴിച്ച ആൺകുട്ടികളുടെ എണ്ണം :

4) തന്മാസം 3 ആഴ്ചയെങ്കിലും ഗുളിക കഴിച്ച പെൺകുട്ടികളുടെ എണ്ണം :

5) തന്മാസം 3 ആഴ്ചയെങ്കിലും ഗുളിക കഴിച്ച ആകെ കുട്ടികളുടെ എണ്ണം :

6) തന്മാസാരംഭത്തിൽ സ്റ്റോക്ക് ഉായിരുന്ന അയൺ ഫോളിക്ക് ഗുളികകളുടെ എണ്ണം :

7) തന്മാസം ലഭിച്ച ഗുളികകളുടെ എണ്ണം :

8) തന്മാസം ഉപയോഗിച്ച ഗുളികകളുടെ എണ്ണം :

9) തന്മാസം ബാക്കിയുള്ള ഗുളികകളുടെ എണ്ണം :